നം.20/2017/എസ്.ആർ.ജി/സി.സി

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 12.042017 ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം**

**യോഗം രാവിലെ 11.30 ന് ബഹു. തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു.മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.**

**1 1.1 തദ്ദേശഭരണസ്ഥാപനങ്ങളുടെ 2016-17 ലെ പദ്ധതി ചെലവ് യോഗം അവലോകനം ചെയ്തു. 31.03.17 വരെയുള്ള പദ്ധതി പുരോഗതി വിവരം താഴെ ചേർക്കുന്നു. സ്പിൽ ഓവർ പ്രോജക്ടുകളുടെ അന്തിമ ചെലവുകൾ കൂടി ഉൾപ്പെടുത്തുമ്പോൾ യഥാർത്ഥ ചെലവ് ഇനിയും ഉയരും എന്ന് യോഗം വിലയിരുത്തി. അന്തിമ പദ്ധതി ചെലവ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.**

| പദ്ധതി പുരോഗതി ശതമാനം | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | തദ്ദേശഭരണ സ്ഥാപനങ്ങൾ | പൊതുവിഭാഗം | എസ്.സി. എസ്.പി. | റ്റി.എസ്.പി | എഫ്.സി. ഗ്രാന്റ | ലോകബാങ്ക് വിഹിതം | ആകെ |
| 1 | ജില്ലാ പഞ്ചായത്ത് | 70.35 | 71.68 | 76.00 | 0.00 | 0.00 | 71.05 |
| 2 | ബ്ലോക്ക് പഞ്ചായതത് | 70.57 | 73.65 | 73.54 | 0.00 | 0.00 | 71.54 |
| 3 | മുനിസിപ്പാലിറ്റി | 79.55 | 70.29 | 51.61 | 62.57 | 36.52 | 66.89 |
| 4 | കോർപ്പറേഷൻ | 79.25 | 54.81 | 17.51 | 52.14 | 99.60 | 63.77 |
| 5 | ഗ്രാമ പഞ്ചായത്ത് | 83.92 | 70.81 | 68.29 | 67.67 | 39.47 | 70.53 |
| ആകെ | | 78.47 | 70.33 | 70.22 | 63.02 | 39.16 | 69.48 |

| ക്രമ.നം | തദ്ദേശഭരണ സ്ഥാപങ്ങൾ | |
|---|---|---|
| **ജില്ലാ പഞ്ചായത്തുകൾ** | | ശതമാനം |
| 1 | കാസർഗോഡ് | 85.33 |
| 2 | പത്തനംതിട്ട | 85.1 |
| 3 | ആലപ്പുഴ | 81.45 |
| 4 | പാലക്കാട് | 77.89 |
| 5 | കോട്ടയം | 77.23 |
| 6 | തൃശ്ശൂർ | 74.53 |
| 7 | കോഴിക്കോട് | 73.25 |
| 8 | കണ്ണൂർ | 72.07 |
| 9 | തിരുവനന്തപുരം | 71.69 |
| 10 | വയനാട് | 70.36 |
| 11 | എറണാകുളം | 68.69 |
| 12 | ഇടുക്കി | 66.34 |
| 13 | കൊല്ലം | 60.88 |
| 14 | മലപ്പുറം | 48.77 |

| ക്രമ.നം | തദ്ദേശഭരണ സ്ഥാപങ്ങൾ | ശതമാനം |
|---|---|---|
| **കോർപ്പറേഷനുകൾ** | | ശതമാനം |
| 1 | തിരുവനന്തപുരം | 68.91 |
| 2 | കൊല്ലം | 63.62 |
| 3 | കൊച്ചി | 62.46 |
| 4 | കണ്ണൂർ | 60.37 |
| 5 | തൃശ്ശൂർ | 58.18 |
| 6 | കോഴിക്കോട് | 57.83 |

| ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ | | ശതമാനം |
|---|---|---|
| 1 | കൂത്താട്ടുകുളം | 116.6 |
| 2 | കോട്ടയ്ക്കൽ | 98.57 |
| 3 | ഹരിപ്പാട് | 96.45 |
| 4 | രാമനാട്ടുക്കര | 94.77 |
| 5 | ചെറുപ്പുളശ്ശേരി | 94.16 |
| 6 | കട്ടപ്പന | 92.17 |
| 7 | മുക്കം | 91.3 |
| 8 | പയ്യോളി | 91.28 |
| 9 | പട്ടാമ്പി | 90.71 |
| 10 | പൊന്നാനി | 89.36 |

| ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ | | ശതമാനം |
|---|---|---|
| 1 | ലാലം | 100 |
| 2 | പള്ളുരുത്തി | 100 |
| 3 | നീലേശ്വരം | 100 |
| 4 | അങ്കമാലി | 97.58 |
| 5 | പെരുമ്പടപ്പ് | 97.47 |
| 6 | പുലിക്കീഴ് | 97.29 |
| 7 | വെള്ളങ്ങല്ലൂർ | 94.96 |
| 8 | അലങ്ങാട് | 94.87 |
| 9 | കിളിമാനൂർ | 94.43 |
| 10 | മുതുകുളം | 93.86 |

| ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ | | ശതമാനം |
|---|---|---|
| 1 | അരൂകുറ്റി | 100 |
| 2 | മുത്തോളി | 100 |
| 3 | മുളംതുരുത്തി | 100 |
| 4 | വാളകം | 100 |
| 5 | മരടി | 100 |
| 6 | പാപ്പിനിശ്ശേരി | 100 |
| 7 | ചെമ്പിലോട് | 100 |
| 8 | ചെമ്മനഞ്ചേരി | 99.96 |
| 9 | ഇലപ്പള്ളി | 99.58 |
| 10 | കാലടി | 98.99 |

| ഏറ്റവും കുറവ് ചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ | | ശതമാനം |
|---|---|---|
| 1 | ഈരാറ്റുപേട്ട | 36.63 |
| 2 | കാഞ്ഞങ്ങാട് | 47.02 |
| 3 | പാലക്കാട് | 47.55 |
| 4 | കായംകുളം | 48.33 |
| 5 | തലശ്ശേരി | 49.61 |
| 6 | വൈക്കം | 49.73 |
| 7 | കോതമംഗലം | 49.84 |
| 8 | ഇരിങ്ങാലക്കുട | 50.21 |
| 9 | കൊണ്ടോട്ടി | 53.59 |
| 10 | നോർത്ത് പരവൂർ | 55.34 |

| ഏറ്റവും കുറവ് ചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ | | ശതമാനം |
|---|---|---|
| 1 | അന്തിക്കാട് | 46.65 |
| 2 | ചൊവ്വന്നൂർ | 47.13 |
| 3 | ഇരിട്ടി | 47.7 |
| 4 | ചിറ്റൂർ | 50.22 |
| 5 | കൊല്ലംകോട് | 50.55 |
| 6 | മലമ്പുഴ | 50.76 |
| 7 | കട്ടപ്പന | 50.84 |
| 8 | മങ്കട | 51.2 |
| 9 | അഴുത | 52.03 |
| 10 | കാഞ്ഞിരപ്പള്ളി | 52.67 |

| ഏറ്റവും കുറവ് ചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ | | ശതമാനം |
|---|---|---|
| 1 | പട്ടുവം | 25.43 |
| 2 | പൂമംഗലം | 27.53 |
| 3 | നെല്ലിയാമ്പതി | 27.84 |
| 4 | മൺട്രോതുരുത്ത് | 28.13 |
| 5 | ബെല്ലൂർ | 28.81 |
| 6 | മുട്ടാർ | 28.88 |
| 7 | കൊഴുവാനൽ | 29.89 |
| 8 | വലിയപറമ്പ | 31.72 |
| 9 | അരിക്കുളം | 34.98 |
| 10 | ഉദയഗിരി | 35.66 |

1.2 2017-18 ലെ 90 ശതമാനത്തിലധികം തുക ചെലവഴിച്ച തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ യോഗം പ്രത്യേകം അഭിനന്ദിച്ചു. ഈ സ്ഥാപനങ്ങളിലെ ഭരണ സമിതി അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും അഭിനന്ദനം അറിയിച്ചുകൊണ്ട് പ്രത്യേകം കത്തെഴുതാൻ തീരുമാനിച്ചു.

1.3 50 ശതമാനത്തിൽ താഴെ പദ്ധതിവിഹിതം ചെലവുവരുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ചെലവുകുറഞ്ഞതിന്റെ കാരണം ആരായാൻ തീരുമാനിച്ചു.

**2. ക്യാരി ഓവർ തുക നൽകൽ**

(i) 31.03.2017 നു മുമ്പ് പ്രോജക്ട് പൂർത്തിയായി റിക്വസിഷൻ നൽകിയ പ്രോജക്ടുകളുടെ ബിൽ തുക നൽകൽ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2016-17-ലെ വാർഷിക പദ്ധതി മുൻ വർഷത്തെ ക്യാരിഓവർ ചെയ്ത സ്പിൽഓവർ പ്രോജക്ടുകളും 2016-17-ലെ ബഡ്ജറ്റ് തുകയ്ക്ക് അനുസൃതമായ പുതിയ പ്രോജക്ടുകളും ചേർന്നതാണ്. മാറ്റമില്ലാത്ത സ്പിൽഓവർ പ്രോജ്ക്ടുകൾക്ക് ക്യാരിഓവർ തുക അനുവദിക്കും എന്ന് സർക്കാർ അറിയിച്ചിരുന്നുവെങ്കിലും തുക നൽകിയിരുന്നില്ല. അതിനാൽ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 2016-17-ലെ ബഡ്ജറ്റ് വിഹിതം ഓരോ മേഖലയിലും തീർന്നിരുന്നു. (ഉദാ. വികസനഫണ്ട്, എസ്.സി.എസ്.പി/ റ്റി.എസ്.പി വിഹിതം തുടങ്ങിയവ) ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രോജക്ടുകൾ പൂർത്തീകരിച്ച് നിർവഹണ ഉദ്യോഗസ്ഥർ റിക്വസിഷൻ നൽകിയിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ബിൽ തുക നൽകിയിട്ടില്ല. അത്തരം പ്രോജക്ടുകളുടെ ബിൽ ട്രഷറിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണ്.

3. **പുതിയ മാർഗരേഖയ്ക്കനുസൃതമായി ഐ.കെ.എം. സോഫ്റ്റ് വെയറിൽ വരുത്തേണ്ട ക്രമീകരണങ്ങൾ. ഇവ താഴെ പറയുന്ന തീയതിക്കുമുൻപ് തയ്യാറാക്കണം.**

(I) ഓരോ മേഖലയ്ക്കും (ഉദാ: വനിതാ ഘടക പദ്ധതി, ഉല്പാദന മേഖല) വേണ്ട വാലിഡേഷൻ ക്രമപ്പെടുത്തണം. ഓരോ മേഖലയ്ക്കും വകയിരുത്തേണ്ട തുക നിശ്ചയിച്ചു നൽകൽ – (15.04.2017 ന്-മുമ്പ് )

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ IKM)

(II) പ്രോജക്ടുകളുടെ എൻട്രി നടത്താൻ ക്രമീകരണം – പദ്ധതി രേഖയിൽ കൂടി ഉൾപ്പെടുത്തക്ക രീതിയിൽ ഓരോ പ്രോജക്ടിനേയും സംബന്ധിച്ച ലഘു വിവരണം അടക്കം (15.04.2017– നു മുമ്പ് )

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ IKM)

(III) പദ്ധതിരേഖ പരിശോധന സംബന്ധിച്ച്. പദ്ധതിരേഖയോടൊപ്പം വേണ്ട അനുബന്ധരേഖകളും ഫോറങ്ങളും ലഭ്യമാക്കൽ – (20.04.2017–നു മുമ്പ് )

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ IKM)

(IV) വാർഷിക പദ്ധതിയും പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച തിനുശേഷം നൽകേണ്ട ജില്ലാ കളക്ടറുടെ നടപടിക്രമം – (25.04.2017–നു മുമ്പ് )

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ IKM)

(V) പ്രോജക്ട് വെറ്റിംഗ് സംബന്ധിച്ച് – 30.04.2017–നു മുമ്പ്

(VI) പദ്ധതി പുരോഗതി റിപ്പോർട്ടിൽ വരുത്തേണ്ട മാറ്റങ്ങൾ – 05.05.2017 നു മുമ്പ്

(a) ഇപ്പോൾ സുലേഖ സോഫ്റ്റ് വെയറിൽ ആകെ ചെലവ് മാത്രമാണ് കാണിക്കുന്നത്. ഈ രീതിയിൽ മാറ്റം വരുത്തി ഓരോ മാസത്തെ ചെലവും, ആകെ ചെലവും കാണാൻ കഴിയണം.

(b) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി റിപ്പോർട്ട് എല്ലാ സൈറ്റിലും ഏകീകരിച്ച രീതിയിലായിരിക്കണം.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ IKM)

(VII) നിർവഹണ ഉദ്യോഗസ്ഥർക്ക് 'സുലേഖ' വഴി റിക്വസിഷൻ നൽകാനുള്ള സൗകര്യം ഒരുക്കൽ– 05.05.2017 നു മുമ്പ്

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ IKM)

(VIII) സുലേഖയിൽ ഒരു പ്രോജക്ട് ഡാറ്റാഎൻട്രി നടത്തുമ്പോൾ പ്രോജക്റ്റ് സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ട് ആണോ എന്ന് രേഖപ്പെടുത്താൻ കൂടി സൗകര്യമൊരുക്കൽ– 30.04.2017 നു മുമ്പ്

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ IKM)

(ix) ഓരോ പ്രോജക്ടും പൂർത്തിയായാൽ ആസ്തി രജിസ്റ്ററിൽ (സചിത്ര സോഫ്റ്റ് വെയർ) ചേർത്തുമാത്രം റിക്വിസിഷൻ നൽകാൻ കഴിയുന്ന രീതി ഒരുക്കൽ–05.05.2017 മുമ്പ്

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ IKM)

(x) മുൻവർഷത്തെ തനതു ഫണ്ട് ചെലവും ഈ വർഷത്തെ തനതുഫണ്ടു വകയിരുത്തലും സംബന്ധിച്ച പരിശോധന സുലേഖ സോഫ്റ്റ് വെയറിലൂടെ ജില്ലാ പ്ലാനിംഗ് ഓഫീസിൽ തന്നെ നടത്താനുള്ള ക്രമീകരണം. 30.04.2017 നു മുമ്പ്.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ IKM)

**4 2017–18 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ട യോഗങ്ങൾ, പരിശീലനങ്ങൾ**

(1) ഡി.പി.സി. ചെയർപേഴ്സൺ, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് – 20.04.2017 രാവിലെ 11.00 മണിക്ക് നടത്താൻ തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

(2) പ്രിൻസിപ്പൽ സെക്രട്ടറിയും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പറും പങ്കെടുത്തുകൊണ്ട് സംസ്ഥാനത്ത് നാല് മേഖല തിരിച്ച് പ്രസിഡന്റുമാരുടേയും സെക്രട്ടറിമാരുടേയും യോഗം (Half Day). ആസൂത്രണമാർഗരേഖ പരിചയപ്പെടുത്തലും പ്രാധാന്യം അവതരിപ്പിക്കലും– 30.04.2017–നു മുമ്പ്

(3) നിർവഹണ ഉദ്യോഗസ്ഥൻമാർക്ക് ബ്ലോക്ക് തലത്തിൽ (ജില്ലാതലത്തിൽ നഗരസഭകൾക്ക് പ്രത്യേകമായി) പരിശീലനം
(Half Day)– 25.04.2017–നു മുമ്പ്

(നടപടി ഡയറക്ടർ – കില)

(4) ജില്ലാതലത്തിൽ തീരുമാനിക്കേണ്ട യൂണിറ്റ് നിരക്കുകൾ – 25.04.2017–നു മുമ്പ്
(നടപടി – 1. തദ്ദേശസ്വയംഭരണ വകുപ്പ്)
2. ചീഫ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം,
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്)

(5) വെറ്റിംഗ് ഉദ്യോഗസ്ഥൻമാർക്ക് ജില്ലാതലത്തിൽ പരിശീലനം. (Half Day) –05.05.2017–നു മുമ്പ്

(നടപടി –ഡയറക്ടർ – കില)

(6) ഐ.കെ.എം.–ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് പരിശീലനം സംസ്ഥാന തലത്തിൽ – 30.04.2017–മുമ്പ്.

(നടപടി – (1)എക്സിക്യൂട്ടീവ് ഡയറക്ടർ IKM
(2) ഡയറക്ടർ – കില)

(7) ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും ടെക്നിക്കൽ സ്റ്റാഫിനുമുള്ള ഏകദിന പരിശീലനം – തൃശ്ശൂർ കിലയിൽ– 19.04.2017 ൽ

(നടപടി: (1)ചീഫ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം,
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
2. ഡയറക്ടർ കില)

5 **ആസൂത്രണ മാർഗരേഖപ്രകാരം ജില്ലാതലത്തിൽ രൂപീകരിക്കേണ്ട വിവിധ കമ്മിറ്റികൾ .**
ഇവ രൂപീകരിച്ചുകൊണ്ട് ജില്ലാ കളക്ടർ നടപടി ഉത്തരവ് ഉടനെ പുറപ്പെടുവിക്കണം – 22.04.2017–നു മുമ്പ്

(നടപടി –(1) തദ്ദേശസ്വയംഭരണ വകുപ്പ്
2.)ചീഫ് ഡി.പി ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

6 **പദ്ധതി രൂപീകരണ ഘട്ടങ്ങളിലെ അവലോകനം** – ഇത് ഫലപ്രദമായി താഴെ പറയുന്ന രീതിയിൽ നടപ്പാക്കണം

(a) ബ്ലോക്ക് തലത്തിൽ (ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും)
(നടപടി: എല്ലാ ജില്ലാ കളക്ടർമാരും)

(b) എല്ലാ നഗരസഭകൾക്കും (ജില്ലയിൽ ഒരെണ്ണം)
(നടപടി: എല്ലാ ജില്ലാ കളക്ടർമാരും)

(c) ജില്ലാതലത്തിൽ – എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും–ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ
(നടപടി: എല്ലാ ജില്ലാ കളക്ടർമാരും)

സംസ്ഥാനതലത്തിൽ

(i) പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ പ്രത്യേകമായി അവലോകനം നടത്തുക
(നടപടി– തദ്ദേശസ്വയംഭരണ വകുപ്പ്)

(ii) നിർമ്മാണ പ്രോജക്ടുകൾ പ്രത്യേകമായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അവലോകനം നടത്തണം.
(നടപടി– ചീഫ് എഞ്ചിനീയർ, LSGD)

(iii) കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ ആദ്യത്തെ അജണ്ട. ഇതിനായി അവലോകന റിപ്പോർട്ട് രണ്ടു ദിവസം മുൻപ് ബന്ധപ്പെട്ട വകുപ്പ മേധാവിമാർ നൽണം

<u>**അവലോകനം നടത്തേണ്ട വിഷയങ്ങൾ**</u>

(A) ഗ്രാമസഭായോഗങ്ങൾ
(B) പ്രോജക്ട് തയ്യാറാക്കൽ – വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ
(C) സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ – ക്രോഡീകരണം
(D) വികസനരേഖ തയ്യാറാക്കൽ
(E) വികസന സെമിനാറുകൾ
(F) പ്രോജക്ട് എഴുതി തയ്യാറാക്കലും – ഡാറ്റാഎൻട്രിയും
(G) പ്രോജക്ടുകളും പദ്ധതിരേഖയും ഡി.പി.സി.യ്ക്കു സമർപ്പിക്കൽ

7 **പ്രോജക്ട് നിർവഹണവും – ഭൗതിക നേട്ടവും സാമ്പത്തിക നേട്ടവും –** ഓരോ മാസവും ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സമയ പട്ടിക ജില്ലാ കളക്ടർമാർ തയ്യാറാക്കി നൽകണം.

നടപടി: (1) തദ്ദേശസ്വയംഭരണവകുപ്പ്,
(2)ചീഫ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം,
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് )

8 **അടിയന്തിരമായി നടത്തേണ്ട പദ്ധതികൾ**

ഉദാ: (1) ഏപ്രിൽ , മേയ് മാസങ്ങളിൽ നടപ്പാക്കേണ്ട നിർമ്മാണ പ്രവൃത്തികൾ(സ്പിൽഓവർ)

(2) കൃഷി പ്രോജക്ടുകൾ എല്ലാംതന്നെ മേയ്,ജൂൺ, ജൂലൈ മാസങ്ങളിൽ ആരംഭിക്കുക

(3) സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി ഇത് അടിയന്തിര സ്വഭാവമുള്ളതിനാൽ പ്രോജക്ട് തയ്യാറാക്കി മറ്റ് നടപടിക്രമങ്ങൾ പാലിച്ച് പ്രവർത്തി ചെയ്തതിനുശേഷം പിന്നീട് ജില്ലാ ആസൂത്രണസമിതി അംഗീകാരം വാങ്ങിയാൽ മതിയാകും.

(4) അംഗനവാടി പോഷകാഹാരം, പാലിയേറ്റീവ് ക്ലിനിക്ക് തുടങ്ങി മുടക്കം കൂടാതെ നടപ്പാക്കേണ്ട മറ്റു പദ്ധതികൾ എന്നിവയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപടിക്രമങ്ങൾ പാലിച്ചു നടപ്പാക്കാവുന്നതാണ്. ഇവയ്ക്ക് പിന്നീടു ഡി.പി.സിയുടെ അംഗീകാരം വാങ്ങിയാൽ മതിയാകും. മുകളിൽ പറഞ്ഞ പ്രോജക്ടുകൾ എല്ലാം തന്നെ വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിരിക്കണം.

9 **വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ** ജൂൺ 15 നുള്ളിൽ പൂർത്തിയാക്കണം

10 **ഇൻകുബേഷൻ ഫണ്ട്**

1. പുതിയ ആശയങ്ങളേയോ വ്യത്യസ്തമായ ഉല്പന്നങ്ങളെയോ നവീനമായ സംഘടനാ രീതികളേയോ അവലംബിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ യുവസംരംഭകരേയും അഭ്യസ്ഥവിദ്യരായ പ്രവാസികളേയും പ്രേരിപ്പിക്കുന്നതിന് ഇൻകുബേഷൻ ഫണ്ട് രൂപീകരിക്കുന്നതിന് മുൻസിപ്പൽ കോർപ്പറേഷൻ തലത്തിൽ പ്രോജക്ടുകൾ രൂപീകരിക്കേണ്ടതാണ്.

**11 സ്പിൽഓവർ പ്രോജക്ടുകൾ നിശ്ചയിക്കുന്നതിനും ക്യാരി ഓവർ തുക നൽകുന്നതിനും താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.**

**I സ്പിൽഓവർ പ്രോജക്ടുകൾ**

1.1 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 2017 മാർച്ച് 31-ന് നിർവഹണം പൂർത്തിയാകാത്തവയുടെ നിലവിലുള്ള അവസ്ഥ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പരിശോധിക്കേണ്ടതും ഏതൊക്കെ പ്രോജക്ടുകൾ തുടർന്ന് നടപ്പാക്കേണ്ടതുണ്ട് എന്നത്

സംബന്ധിച്ച തീരുമാനം എടുക്കേണ്ടതുമാണ്. അതിന് ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. നിർവഹണ നടപടികൾ ഇതുവരെയും ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കാണുന്ന പ്രോജക്ടുകൾ ഒഴിവാക്കാം.

2. നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകൾ സ്പിൽഓവറായി തുടർന്ന്നടപ്പാക്കാവുന്നതാണ്. ഇതിന് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തീരുമാനം മാത്രം മതിയാകും. എന്നാൽ പ്രോജക്ടിൽ ഭേദഗതി വരുത്തുകയാണെങ്കിൽ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിനു ശേഷം മാത്രമേ തുടർന്ന് നിർവഹണം നടത്താൻ പാടുള്ളൂ.

l.2 നിർവഹണം ആരംഭിക്കാത്ത ഒരു പ്രോജക്ട് തുടർന്ന് നടപ്പാക്കണമെന്ന് തീരുമാനിക്കുകയാണെങ്കിൽ അത് സ്പിൽഓവർ പ്രോജക്ടായോ പുതിയ പ്രോജക്ടായോ 2017–18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താം. പുതിയ പ്രോജക്ട് ആയാണ് ഉൾപ്പെടുത്തുന്നതെങ്കിൽ പരിശോധന, അംഗീകാരം, സാങ്കേതിക അനുമതി എന്നിവയെ സംബന്ധിച്ചിടത്തോളം പുതിയ പ്രോജക്ടിനു ബാധകമായ നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കേണ്ടതാണ്

l.3 നിർവഹണം തുടരുന്ന സ്പിൽഓവർ പ്രോജക്ടുകൾ നിശ്ചിത ഫോറത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി 2017–18 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

12. **ക്യാരിഓവർ വിഹിതം**

ll.1 ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ടുകൾ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്പിൽ ഓവർ പ്രോജക്ടായി എടുക്കാവുന്നതാണ്. ക്യാരിഓവർ തുക നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാനും ഉത്തരവ് പുറപ്പെടുവിക്കാനും ധനകാര്യവകുപ്പിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

(നടപടി: തദ്ദേശസ്വയംഭരണ വകുപ്പ് )

ll.2 ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 2017 – 18 ലെ സ്പിൽഓവർ പ്രോജക്ടുകൾക്ക് ലഭിക്കേണ്ട ക്യാരിഓവർവിഹിതം എത്രയെന്ന് കണക്കാക്കി വിശദാംശം തയ്യാറാക്കാൻ തീരുമാനിച്ചു.

(നടപടി – പഞ്ചായത്ത് ഡയറക്ടർ,
2.നഗരകാര്യഡയറക്ടർ,
3. ഗ്രാമവികസനകമ്മീഷർ)

**13 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലെ പ്രോജക്ടുകളും മറ്റു വിഷയങ്ങളും കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കണമെന്ന് യോഗം തീരുമാനിച്ചു.**

വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച് ആസൂത്രണ സമിതി തീരുമാനമെടുത്തതിനുശേഷം അതിന്മേൽ തദ്ദേശഭരണ സ്ഥാപനത്തിന് പരാതി ഉണ്ടെങ്കിൽ അങ്ങനെയുള്ള പരാതികൾ പരിഹരിക്കുന്നതിന് കോർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് സമർപ്പി ക്കാവുന്നതാണ്. എന്നാൽ ഇങ്ങനെ ലഭിക്കുന്ന പരാതികളോടൊപ്പം ആവശ്യമായ വിവരങ്ങൾ പലപ്പോഴും ഉൾപ്പെടുത്താത്തതുകാരണം കോർഡിനേഷൻ കമ്മിറ്റി / സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി പ്രോജക്ടുകൾ/ മറ്റുള്ളവ സമർപ്പിക്കുന്നതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

13.1 ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരവുമായി ബന്ധപ്പെട്ട് ഒരു തദ്ദേശഭരണ സ്ഥാപനത്തിന് പരാതി ഉണ്ടെങ്കിൽ അങ്ങനെയുള്ള പരാതികൾ ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് മുഖേന മാത്രമേ സർക്കാരിലേക്ക് അയയ്ക്കാൻ പാടുള്ളൂ.

13.2 നൂതന പ്രോജക്ടുകൾ സംബന്ധിച്ച് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടെങ്കിൽ അവയോടൊപ്പം ബന്ധപ്പെട്ട ജില്ലാതല കമ്മിറ്റിയുടെ അഭിപ്രായക്കുറിപ്പുകൂടി ഉള്ളടക്കം ചെയ്യണം.

13.3 പ്രോജക്ടിന്റെ നിർവഹണം സംബന്ധിച്ച് ഓഡിറ്റുകുറിപ്പിന്മേൽ അപ്പീൽ/സാധൂകരണം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഈ സമിതിയുടെ തീരുമാനത്തിന്മേൽ അപ്പീൽ ഉണ്ട് എങ്കിൽ അവ വകുപ്പുതലത്തിൽ തീരുമാനത്തിനു നൽകണം. ഇവ കോഓർഡിനേഷൻ കമ്മിറ്റിയിൽ അംഗീകാരത്തിനു പരിഗണിക്കുന്നതല്ല.

13.4 ജനകീയാസൂത്രണ പദ്ധതിയുമായല്ലാതെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ (ഉദാ. പഞ്ചായത്ത് ഓഫീസിനു വാഹനം വാങ്ങൽ) കോർഡിനേഷൻ കമ്മിറ്റിക്കു സമർപ്പിക്കേണ്ടതില്ല. ഇവ വകുപ്പുതലത്തിൽ തീരുമാനത്തിനു സമർപ്പിക്കണം.

13.5 അടിയന്തിരസ്വഭാവമുള്ളവ സർക്കാരിനു സമർപ്പിക്കുന്നതോടൊപ്പം ഇ-മെയിലായും അയയ്ക്കണം. ഇ-മെയിലായി അയയ്ക്കുമ്പോൾ സ്കാൻ ചെയ്ത പകർപ്പുതന്നെ അയയ്ക്കേണ്ടതാണ്. കൂടാതെ സംശയ ദൂരീകരണത്തിനായി ബന്ധപ്പെട്ട ഉദ്യാഗസ്ഥന്റെ ടെലഫോൺ നമ്പർ കൂടി ചേർക്കണം.

13.6 ഒരു വിഷയത്തിന്മേൽ കോർഡിനേഷൻ കമ്മിറ്റി ചർച്ചചെയ്ത് തീർപ്പാക്കിയത് പ്രത്യേക സാഹചര്യമില്ലാത്തപക്ഷം വീണ്ടും സമർപ്പിക്കുവാൻ പാടില്ല.

13.7 ഒരു വിഷയം കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുമ്പോൾ കൂടുതൽ വിവരങ്ങളോ റിപ്പോർട്ടോ ആവശ്യമായി വരുന്നപക്ഷം അവ അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതിന് 5 ദിവസത്തിനകം ബന്ധപ്പട്ട ഉദ്യോഗസ്ഥൻ/ വകുപ്പുമേധാവി നൽകേണ്ടതാണ്.

13.8 ഇതിന്മേൽ പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

(നടപടി- തദ്ദേശസ്വയംഭരണവകുപ്പ്)

**14 പതിമൂന്നാം പഞ്ചവത്സരപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഈ പരിശീലനപരിപാടികൾ താഴെപറയുന്ന തീയതികളിൽ നടത്താൻ തീരുമാനിച്ചു.**

14.1 പെർഫോമൻസ് ആഡിറ്റ് ടീം അംഗങ്ങളുടെ പരിശീലനം 17.04.17-ന തിരുവനന്തപുരം സ്റ്റേറ്റ് മുനിസിപ്പൽ ഹാളിൽ

14.2 തദ്ദേശസ്ഥാപന അദ്ധ്യക്ഷൻ, വികസസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി, മറ്റു നിർവ്വഹണ ഉദ്യോഗസ്ഥർ, തദ്ദേശഭരണസ്ഥാപനങ്ങളിലെ പ്ലാൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ എന്നിവർക്ക് മാർഗ്ഗരേഖ വിശദീകരണം, പ്രോജക്ട് ഡാറ്റാ എൻട്രി നടത്തൽ എന്നിവ സംബന്ധിച്ച പരിശീലനം ഏപ്രിൽ മാസം 24 മുതൽ 27 വരെ അതാത് ബ്ലോക്ക്/നഗരസഭാതലങ്ങളിൽ

14.3 ബ്ലോക്ക് നഗരസഭാതലത്തിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ട ഫാക്കൽറ്റി അംഗങ്ങൾക്കുവേണ്ടിയുള്ള ഏകദിന പരിശീലകപരിശീലനം. 19.04.2017 ൽ തൃശ്ശൂർ 'കില'യിൽ വച്ച്

14.4 ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരുടെ ഏകദിന പരിശീലനം ഏപ്രിൽ 25,26 തീയതികളിൽ (രണ്ടു ബാച്ചായി) തൃശ്ശൂർ 'കില'യിൽവച്ച്

14.5 പതിമൂന്നാം പഞ്ചവത്സരപദ്ധതിയ്ക്ക് സഹായം നൽകുന്ന വിദഗ്ദ്ധരുടെ കൂടിചേരൽ 25.04.2017 തൃശ്ശൂർ 'കില'യിൽ വച്ച്

14.6 ജില്ലാ പ്ലാനിംഗ് ഓഫീസിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാർക്കുള്ള പരിശീലനം 19.04.17ൽ തൃശ്ശൂർ 'കില'യിൽ വച്ച്

14.7 ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ കേരളാമിഷനിൽ നിന്നുള്ള സാങ്കേതിക വിഭാഗം ജീവനക്കാർക്കുള്ള പരിശീലനം 27.04.2017 തൃശ്ശൂർ 'കില'യിൽ വച്ച്.

(നടപടി-ഡയറക്ടർ, കില)

**15) <u>മറ്റു വിഷയങ്ങൾ</u>**

15.1 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.04.2017-ലെ 9051/D1/2016/KSHO നമ്പർ കുറിപ്പ്

തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിന് എ.ബി.സി. പരിപാടിയുടെ നിർവഹണ ഏജൻസിയായി കുടുംബശ്രീയെ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. ആയതിന് അംഗീകൃത ഏജൻസിയായി കുടുംബശ്രീമിഷൻരൂപീകരിക്കുന്ന അനിമൽബർത്ത് കൺട്രോൾ മൈക്രോ സംരംഭയൂണിറ്റുകളെ ചുമതലപ്പെടുത്തുന്നു. ഒരു തെരുവുനായയെ വന്ധീകരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തുടങ്ങിയവ ഉൾപ്പടെ 2100/- രൂപ ജില്ലാ മിഷന് കൈമാറാവുന്നതാണ്. കുടുംബശ്രീ മിഷനെ പദ്ധതി ഏജൻസിയായി അംഗീകരിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തുക ജില്ലാ കോർഡിനേറ്റർക്ക് മുൻകൂറായി നൽകാവുന്നതാണ്. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററെ നിർവഹണ ഉദ്യോഗസ്ഥനായും അംഗീകരിക്കുന്നു. ആയതിന് ആവശ്യമായ മാറ്റം സുലേഖ സോഫ്റ്റ് വെയറിൽ വരുത്തേണ്ടതാണ്.

നടപടി:- (1)തദ്ദേശസ്വയംഭരണ വകുപ്പ്
(2)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

15.2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.04.2017-ലെ 2596/2/2013/KSHO നമ്പർ കത്ത്

അട്ടപ്പാടി മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റു സർക്കാർ വകുപ്പുകളും നടപ്പാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങളിൽ കുടുംബശ്രീ അട്ടപ്പാടി സ്പെഷ്യൽ പദ്ധതിയുടെ ഭാഗമായ ബ്ലോക്ക് സമിതിയുടെ നേതൃത്വത്തിലുള്ള ലേബർ ബാങ്കിൽ നിന്ന് യോഗ്യതയുള്ള അംഗങ്ങളെ ആവശ്യാനുസരണം ഉൾപ്പെടുത്താൻ അനുമതി നൽകുന്നു.അട്ടപ്പാടി, മണ്ണാർക്കാട് ബ്ലോക്ക് മേഖലയായിരിക്കും ലേബർ ബാങ്കിന്റെ സർവ്വീസ് ഏരിയ.

(നടപടി - 1. തദ്ദേശസ്വയംഭരണ വകുപ്പ്
2.എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

15.3 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.04.2017-ലെ 5183/D/2015/KSHO നമ്പർ കുറിപ്പ്

പരിശീലനം ലഭിച്ച കുടുംബശ്രീ മിഷൻ എംപാനൽ ചെയ്ത കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ മുഖേന 10 ലക്ഷം രൂപയിൽ താഴെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ കൂടാതെ നിർമ്മാണ പ്രവൃത്തികൾ നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു. ഇതിനായി എല്ലാ ബ്ലോക്കുകളിലും നഗരസഭകളിലും പരിശീലനം

ലഭിച്ചവരെ ഉൾപ്പെടുത്തി  കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. ഇത്തരത്തിൽ പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തി കൺസ്ട്രക്ഷൻ മൈക്രോ സംരംഭങ്ങൾ ആരംഭിച്ച്, ആയവയിൽ കുടുംബശ്രീമിഷൻ അംഗീകരിക്കുന്നവരെ മിഷൻ എംപാനൽ ചെയ്യേണ്ടതുമാണ്. ഇവർക്ക് എസ്റ്റിമേറ്റ് തുകയുടെ 25% മുൻകൂറായി അനുവദിക്കാവുന്നതാണ്. പദ്ധതി രൂപീകരണത്തിന് ആവശ്യമായ ഭേദഗതി സുലേഖ സോഫ്റ്റ് വെയറിൽ വരുത്തേണ്ടതാണ്.

(നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

15.4 മലപ്പുറം ജില്ലയിൽ ഉപതെരഞ്ഞെടുപ്പോടനുബന്ധിച്ച് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ഗ്രാമസഭ/വാർഡ് സഭകൾ നടത്താനുള്ള തീയതി 30.04.2017 വരെയായി ദീർഘിപ്പിച്ചു തീരുമാനിച്ചു.

(നടപടി– തദ്ദേശസ്വയംഭരണവകുപ്പ് )

15.4.1 മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2017–18 ലെ വാർഷിക പദ്ധതി ഡി.പി.സിക്കു സമർപ്പിക്കുവാനുള്ള സമയപരിധി 31.05.2007 വരെയായി ദീർഘിപ്പിക്കാൻ തീരുമാനിച്ചു.

(നടപടി– തദ്ദേശസ്വയംഭരണവകുപ്പ് )

15.4.2 തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം 09.03.17 മുതൽനിലവിൽ വന്നതിനാൽ 2016–17 ലെ വാർഷിക പദ്ധതി ഭേദഗതികൾ മാർച്ച് മാസത്തിൽ നടത്താൻ മലപ്പുറം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ 2016–17 വാർഷിക പദ്ധതി ഭേദഗതി 30.04.2017 വരെ നടത്താൻ അനുമതി നൽകുന്നു.

(നടപടി– തദ്ദേശസ്വയംഭരണവകുപ്പ് )

16 മലപ്പുറം ജില്ലയിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥനായ സലിംപള്ളിയിൽതൊടി എന്നയാളുടെ സേവനമാതൃക സുതാര്യത ഉറപ്പുവരുത്തുന്നതിൽ പ്രശംസനീയമാണന്ന് യോഗം നിരീക്ഷിച്ചു. ഇദ്ദേഹത്തെ അഭിനന്ദിക്കാൻ തീരുമാനിച്ചു.

(നടപടി– പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് )

യോഗം ഉച്ചകഴിഞ്ഞ് 2.30 ന് അവസാനിച്ചു

**<u>യോഗത്തിൽ  പങ്കെടുത്തവർ</u>**

1 ശ്രീ. ടി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശസ്വയംഭരണ വകുപ്പ്
2 ഡോ. കെ.എൻ. ഹരിലാൽ, മെമ്പർ സ്റ്റേറ്റ്പ്ലാനിംഗ് ബോർഡ്
3 ഡോ. കെ. വാസുകി, എക്സിക്യൂട്ടീവ് ഡയറക്ടർ, സുചിത്വമിഷൻ
4 ശ്രീ. റ്റി.പി. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്
5 ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്
6 ഡോ. വി.കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
7 ശ്രീമതി. പ്രസന്നകുമാരി, ചീഫ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം പ്ലാനിംഗ്, SPB
8 ശ്രീ.കെ.പി. സാബു, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്
9 ശ്രീ. പി.ആർ. സജികുമാർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10 ശ്രീ. അജിത്കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത്
11 ശ്രീ. എം.എസ്.നാരായണൻ നമ്പൂതിരി, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്
12 ശ്രീ. എൻ.കെ. ജയ, ഡയറക്ടർ,എ.എസ്.എഫ്, കുടുംബശ്രീ
13 ശ്രീ. പി.അശോക് കുമാർ, സി.ആർ.ഡി
14 ശ്രീ. ജയകൃഷ്ണൻ, പി.എഫ്.ഒ അർബൻ അഫയേഴ്സ്
15 ശ്രീമതി ശോഭന, അഡീഷണൽ സെക്രട്ടറി, എസ്.സി. ഡിപ്പാർട്ട്മെന്റ്
16 ശ്രീമതി ലിഷാമോഹൻ എം., എഡിസി, സി.ആർ.ഡി
17 ഡോ. എസ്. സലിം, കുടുംബശ്രീ
18 ശ്രീ. നിഷാന്ത്. ജി.എസ്, കൺസൾട്ടന്റ്, കുടുംബശ്രീ
19 ശ്രീ. ബൈജു എൽ.ദാസ്, റിസർച്ച് അസിസ്റ്റന്റ് എസ്.സി. ഡിപ്പാർട്ട്മെന്റ്
20 ശ്രീ. ബിബിൻദാസ്, പ്രോജക്റ്റ് മാനേജർ, കുടുംബശ്രീ
21 ശ്രീമതി സീമാ ഭാസ്കർ, എൻ.ആർ.ഐ.ജെ.റ്റി, കുടുംബശ്രീ
22 ശ്രീ. സന്ദീപ് ചന്ദ്രൻ. എ, യൂത്ത് പ്രൊഫഷണൽ, കുടുംബശ്രീ
23 ശ്രീമതി കാഞ്ചന, ഡി.എസ്, ഫിനാൻസ് ഡിപ്പാർട്ടുമെന്റ്
24 ശ്രീ. റ്റി. സുരേഷ് ബാബു. എസ്.ആർ.ജി. മെമ്പർ.